# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അന്നമനട ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-TSR.P1/486/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 18/04/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അന്നമനട ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അന്നമനട ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അന്നമനട ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-TSR.P1/486/23 തീയ്യതി: 18/04/2023

## തൃശ്ശൂർ ജില്ലയിലെ അന്നമനട ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ അന്നമനട ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.സുജ. എൻ | ഡെപ്യൂട്ടി ഡയറക്ടർ | 27-03-2023 | 04-04-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 27-03-2023 | 04-04-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. ബിത.ടി.എസ്, ഓഡിറ്റ് ഓഫീസർ
ശ്രീ.സലീഷ്.എം.ജി,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി. ധന്യ ദിലീപ്, ഓഡിറ്റർ
ശ്രീ.കൃഷ്ണരാഹുൽ എം.ടി,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.പി.വി.വിനോദ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി. റീന.ടി.ജെ | സെക്രട്ടറി | 01-04-2021 | 31-03-2022 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീലത കെ. എ | അസി.സെക്രട്ടറി | 01-04-2021 | 13-07-2021 |
| ശ്രീ. സുനിൽകുമാർ | അസി.സെക്രട്ടറി | 14-07-2021 | 22-07-2021 |
| ശ്രീമതി.പ്രീതി.എ | അസി.സെക്രട്ടറി | 23-07-2021 | 31-03-2022 |
| ശ്രീമതി. സുജിന.കെ.വി | അസി. എഞ്ചിനീയർ | 01-04-2021 | 13-04-2021 |
| ശ്രീമതി. ജമീല പി.എം | അസി. എഞ്ചിനീയർ | 14-04-2021 | 10-05-2021 |
| ശ്രീമതി. നിമ്മി.ഇ.ആർ | അസി. എഞ്ചിനീയർ | 11-05-2021 | 15-01-2022 |
| ശ്രീമതി. ഐവിൻ ഗോഡ് വിൻ ഡിസിൽവ | അസി. എഞ്ചിനീയർ | 16-01-2022 | 31-03-2022 |
| ഡോ. മിനി രാധാകൃഷ്ണൻ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. അന്ന എം ജോർജ് | മെഡിക്കൽ ഓഫീസർ, എഫ്. എച്ച്. സി | 01-04-2021 | 31-03-2022 |
| ഡോ. വിധു വർമ്മ . എസ് | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2021 | 22-11-2021 |
| ഡോ.സ്വപ്ന ചന്ദ്രൻ | മെഡിക്കൽ ഓഫീസർ , ആയുർവേദം | 23-11-2021 | 31-03-2022 |
| ഡോ. ബ്ലെസ്സി പോൾ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ശ്രീമതി. രേഷ്മ എം.സി. | കൃഷി ഓഫീസർ | 01-04-2021 | 28-09-2021 |
| ശ്രീ .തോമസ് | കൃഷി ഓഫീസർ ,അഡീഷണൽ ചാർജ് | 29-09-2021 | 25-10-2021 |
| ശ്രീ ഹുസൈൻ | കൃഷി ഓഫീസർ ,അഡീഷണൽ ചാർജ് | 26-10-2021 | 31-03-2022 |
| ശ്രീമതി .ബിന്ധ്യ .വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. രാഖി ഏണസ്റ്റ് | വിഇഒ, മേലഡൂർ സർക്കിൾ | 01-04-2021 | 19-09-2021 |
| ശ്രീ മുരളി | വിഇഒ, മേലഡൂർ സർക്കിൾ | 20-09-2021 | 21-09-2021 |

| | | | |
|---|---|---|---|
| ശ്രീമതി ജയ എ.വി | വിഇഒ, മേലഡൂർ സർക്കിൾ, അഡീഷണൽ ചാർജ് | 22-09-2021 | 20-10-2021 |
| ശ്രീ.സുനജ് കുമാർ ടി.എച്ച് | വിഇഒ, മേലഡൂർ സർക്കിൾ | 21-10-2021 | 31-03-2022 |
| ശ്രീമതി ജയ എ.വി | വിഇഒ,വെസ്റ്റ് കൊരട്ടി സർക്കിൾ | 01-04-2021 | 31-03-2022 |
| ശ്രീ ശശി വി.വി | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീമതി. നിഷ .സി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമ പദ്ധതികൾ | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | വാർഷികകണക്കുമായി ബന്ധപ്പെട്ട അപാകതകൾ | 1-10 |
| 11 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-10-1 |
| 12 | ലൈബ്രറി സെസ് -ഡിസിബിയും വാർഷികകണക്കും തമ്മിൽ പൊരുത്തമില്ല. | 1-10-2 |
| 13 | വസ്തുനികുതി മുൻകൂർ സഞ്ചയയും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല. | 1-10-3 |
| 14 | വസ്തുനികുതി ഡിമാന്റ് ഒറ്റത്തവണയായി രേഖപ്പെടുത്തുന്നു | 1-10-4 |
| 15 | ലൈബ്രറി സെസ് ഡിമാന്റിൽ കുറവ് ചെയ്തത്-വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. | 1-10-5 |
| 16 | വസ്തുനികുതി മുൻകൂർ അധികം തുക ക്രമീകരിച്ചു. | 1-10-6 |
| 17 | വാടകഡിമാന്റ് ഒറ്റത്തവണ മാത്രം | 1-10-7 |
| 18 | ആഭ്യന്തരനിയന്ത്രണം-രജിസ്റ്ററുകൾ കൃത്യമായി പരിപാലിയ്ക്കുന്നില്ല | 1-10-8 |
| 19 | തൊഴിൽനികുതി -വാർഷികകണക്കും ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുത്തുന്നില്ല | 1-10-9 |
| 20 | മുൻകൂർ ലഭിച്ച വരുമാന തുകകൾ ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല | 1-10-10 |
| 21 | കുടിശ്ശിക ഇനങ്ങൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-10-11 |
| 22 | പ്രയർ പിരീഡ് ഇനങ്ങൾക്ക് വൗച്ചറുകളും വർക്ക്ഷീറ്റുകളും സൂക്ഷിച്ചിട്ടില്ല. | 1-10-12 |
| 23 | ജേണൽ വൗച്ചറുകൾക്ക് വൗച്ചറുകൾ,വർക്ക്ഷീറ്റ് എന്നിവ സൂക്ഷിക്കുന്നില്ല | 1-10-13 |
| 24 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-10-14 |
| 25 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-10-15 |
| 26 | ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ | 1-10-16 |

| | | |
|---|---|---|
| | എന്നിവ ഹാജരാക്കിയിട്ടില്ല. | |
| 27 | ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിൽ തൻവർഷ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. | 1-10-17 |
| 28 | ലോൺരജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. | 1-10-18 |
| 29 | ഡെപോസിറ്റ്, അഡ്വാൻസ് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല | 1-10-19 |
| 30 | " Capital Contribution" എന്ന ഇനത്തിലെ തുക മുൻവർഷത്തേക്കാൾ കുറവ് | 1-10-20 |
| 31 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല | 1-10-21 |
| 32 | പിഴയായി ലഭിച്ച തുക വസ്തുനികുതി മുൻകൂറിലേയ്ക്ക് വകമാറ്റി | 1-11 |
| 33 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-12 |
| 34 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-13 |
| 35 | ലൈസൻസ് അപാകതകൾ | 1-14 |
| 36 | റേഷൻകടകൾ, കള്ളുഷാപ്പുകൾ, ക്ഷീര സഹകരണ സംഘം ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 1-15 |
| 37 | തുകകൾ ക്രമീകരിക്കേണ്ടതാണ് | 1-16 |
| 38 | ലേലം - തുടർവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-17 |
| 39 | വാടക ബൈലോ-സർക്കാർ അംഗീകാരം ലഭ്യമാക്കേണ്ടതാണ് | 1-18 |
| 40 | വസ്തു നികുതി നിർണയിച്ചതിലെ അപാകതകൾ | 1-19 |
| 41 | പെർമിറ്റ് -അപാകതകൾ | 1-20 |
| 42 | ILGMS ആവശ്യത്തിന് കമ്പ്യൂട്ടറുകളും മറ്റ് ഉപകരണങ്ങളും വാങ്ങൽ-കെൽട്രോണിൽ നിന്നും കമ്പ്യൂട്ടർ ലഭിച്ചിട്ടില്ല | 1-21 |
| 43 | മിനിട്രാക്ടർ വാങ്ങൽ അപാകതകൾ | 1-22 |
| 44 | പച്ചക്കറികൃഷി ക്ലസ്റ്റർ-രേഖകൾ പൂർണ്ണമല്ല | 1-23 |
| 45 | കാർഷിക പ്രോജക്റ്റുകളിലെ അപേക്ഷകളിൽ അന്വേഷണ റിപ്പോർട്ട് രേഖപ്പെടുത്തിയിട്ടില്ല | 1-24 |
| 46 | കന്നുകുട്ടി പരിപാലന പദ്ധതി -ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്നും പിന്മാറി | 1-25 |
| 47 | ലൈബ്രറിയിലേക്ക് പുസ്തകം വാങ്ങൽ-അപാകതകൾ | 1-26 |
| 48 | മരണ ശേഷവും സാമൂഹ്യ സുരക്ഷ പെൻഷനുകൾ നൽകി | 1-27 |
| 49 | തനതു ഫണ്ട് ചെലവു പരിശോധന-രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്. | 1-28 |
| 50 | ലൈഫ് ഭവന പദ്ധതി- നിർമ്മാണം സമയ പരിധിക്കുള്ളിൽ പൂർത്തീകരിക്കാത്ത പക്ഷം അനുവദിച്ച തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്. | 1-29 |
| 51 | തെരുവ്വിളക്ക് അറ്റകുറ്റപണി-അപാകതകൾ | 1-30 |

| | | |
|---|---|---|
| 52 | ഡിജിറ്റൽ ലൈബ്രറി റീഡിംഗ് റൂം നിർമ്മാണപ്രവൃത്തി-ഇൻകം ടാക്സ് കുറവായി ഈടാക്കി. | 1-31 |
| 53 | അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ-അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം നൽകേണ്ടതാണ്. | 1-32 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 16.02.2021, തീരുമാനം നം.1/1 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 212169221 | 190722860 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 25.02.2022, തീരുമാനം നം. 2(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 207240624 | 194779904 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 26.05.2022 |

### 1-3 സാമ്പത്തിക വിശകലനം

(സംക്ഷിപ്ത വിവരം)

| - | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 24628278.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 105599597.20 |
| ആകെ | 130227875.20 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 98489902.00 |
| നീക്കിയിരിപ്പ് | 31737973.20 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 15600534 | 15600534 | 15600534 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 7519558 | 7519558 | 7511793 | 7765 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 18687000 | 18687000 | 12326517 | 6360483 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 6298420 | 6298420 | 5109378 | 1189042 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(Tied Grant) (ACR പ്രകാരം) | 0 | 9647958 | 9647958 | 4894247 | 4753711 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (UnTied Basicgrant) (ACR പ്രകാരം) | 0 | 5856011 | 5856011 | 4331294 | 1524717 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതി തുകയുടെ ശതമാനം | നടപ്പാക്കിയ പ്രൊജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 154 | 97613769 | 124 | 63998043 | 65.56% | 80.5% |

## 1-6 ക്ഷേമ പദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 1200 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 10626200.00 | 706 |
| വിധവാ പെൻഷൻ | 20604600.00 | 1353 |
| വാർദ്ധക്യകാല പെൻഷൻ | 45922300.00 | 3137 |
| വികലാംഗ പെൻഷൻ | 4931800.00 | 323 |
| 50 വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1479800.00 | 96 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 120000.00 | 4 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1775 | 594357 | 596132 | 596132 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 18124895 | 18124895 | 18124895 | 0 |
| | 1775 | 18719252 | 18721027 | 18721027 | 0 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന, 03.04.2023 ന് 3.20 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1285/- രൂപ കാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പരിശോധനയുടെ ഭാഗമായി കണ്ട അപാകതകൾ ഈ റിപ്പോർട്ടിലെ

ഭാഗം 1 ലെ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-10 വാർഷികകണക്കുമായി ബന്ധപ്പെട്ട അപാകതകൾ

വാർഷികകണക്കുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

ഇക്കാര്യത്തിൽ നൽകിയ 9/03.04.2023 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല

### 1-10-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

### 1-10-2 ലൈബ്രറി സെസ് -ഡിസിബിയും വാർഷികകണക്കും തമ്മിൽ പൊരുത്തമില്ല.

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള ലൈബ്രറി സെസ്സിന്റെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 177675 | 962 | 178637 | 176122 | 327 | 176449 | 1689 | | 116 | 651 | 749 |
| | നോൺ-റെസിഡൻഷ്യൽ | 224014 | 6011 | 233225 | 223259 | 6011 | 232456 | 876 | | 52 | 0 | 52 |
| | ആകെ | | | 411862 | | | 408905 | 2565 | | 801 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 406444 | | | 315582 | | | | 389165 | 819 | | |
| | | 6443+400001 =(2020 -21ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 -State Govt. Cess/levies...... ലെഡ്ജർ 2021-22) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt . Cess/levies...... ലെഡ്ജർ 2021-22) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള ലൈബ്രറി സെസ്സിന്റെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

### 1-10-3 വസ്തുനികുതി മുൻകൂർ സഞ്ചയയും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2022 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര. നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 24009 | 541910 |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 12818 | 666722 |

## 1-10-4 വസ്തുനികുതി ഡിമാന്റ് ഒറ്റത്തവണയായി രേഖപ്പെടുത്തുന്നു

1/4/2021 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ അന്നമനട ഗ്രാമപഞ്ചായത്തിൽ 204 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റത്തവണമാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ” സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-10-5 ലൈബ്രറി സെസ് ഡിമാന്റിൽ കുറവ് ചെയ്തത്-വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 315582രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 408905 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന

“431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 389165 രൂപയാണ്.

## 1-10-6 വസ്തുനികുതി മുൻകൂർ അധികം തുക ക്രമീകരിച്ചു.

2020-21 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2021 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2021-22 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു . 2021-22 ൽ ക്യാഷ് ആയി 23307-18174=5133 തുക മാത്രമാണ് ലഭിച്ചിട്ടുള്ളത്.

| ക്ര. നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/21 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2021-22ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 18174 | 25188 |

## 1-10-7 വാടകഡിമാന്റ് ഒറ്റത്തവണ മാത്രം

2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക2.6.ൽ ചേർത്തിട്ടുണ്ട്)

| ക്ര. നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക(41 കെട്ടിടങ്ങൾ) | 130100101-Rent From Building | 511278 | 31.03.2022 | 42100359 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-10-8 ആഭ്യന്തരനിയന്ത്രണം-രജിസ്റ്ററുകൾ കൃത്യമായി പരിപാലിയ്ക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി,സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

2വാടക ഡിമാന്റ് രജിസ്റ്റർ

3 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

### 1-10-9 തൊഴിൽനികുതി -വാർഷികകണക്കും ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുത്തുന്നില്ല

കാഷ് അടിസ്ഥാനത്തിൽ (അക്രൂവൽ അല്ലാതെ) രേഖപ്പെടുത്തുന്ന താഴെ ചേർത്തിരിക്കുന്ന ഇനങ്ങൾ അതാത് വരവ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം വരുമാനമായി ചേർത്ത തുക | റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം | രജിസ്റ്റർ പ്രകാരം കളക്ഷൻ |
|---|---|---|---|
| തൊഴിൽ നികുതി ജീവനക്കാർ | 1924920 | 1869070 | 1924920(ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽ നികുതി-47300ഉൾപെടെ) |

റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വരവിനോടുകൂടി(1869070) ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽ നികുതി (43700)ചേർക്കുമ്പോൾ 1916370 രൂപയാണ് വരുന്നത്. 1924920 രൂപ രജിസ്റ്ററിൽ ഉൾപെടുത്തിയിരിയ്ക്കുന്നത് കൃത്യമല്ല.

### 1-10-10 മുൻകൂർ ലഭിച്ച വരുമാന തുകകൾ ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്.എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര. നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/22 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/trad/prof | 307110 |
| 2 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 219940 |

### 1-10-11 കുടിശ്ശിക ഇനങ്ങൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും,വാടകയിനത്തിലും കുടിശ്ശിക ഉണ്ട്.എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

### 1-10-12 പ്രയർ പിരീഡ് ഇനങ്ങൾക്ക് വൗച്ചറുകളും വർക്ക്ഷീറ്റുകളും സൂക്ഷിച്ചിട്ടില്ല.

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2022ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100102-Prior Period Income Profession TaxInstitutions/professionls, Traders | (1200) |
| 280200401-Prior Period Income-Other Income | 20576 |
| 280200402-Prior Period Income- Recovery Of Unutilisd Grants | 121457 |
| 280800201-Prior Period -Administrative Expences | 16854 |
| 280800601-Prior Period Revenue Grants And Contributions | (17625) |
| 280800701-Prior Period- Miscellaneous Expences | (9355371) |

### 1-10-13 ജേണൽ വൗച്ചറുകൾക്ക് വൗച്ചറുകൾ,വർക്ക്ഷീറ്റ് എന്നിവ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-10-14 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-10-15 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 7109695 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 15245517രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-10-16 ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

2021-22 വർഷത്തെ Income And Expenditure പത്രിക പ്രകാരം 5515732രൂപ ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

### 1-10-17 ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിൽ തൻവർഷ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 100,00,000രൂപയുടെ നിക്ഷേപം കാണുന്നു. നിക്ഷേപത്തിന്റെ വിവരങ്ങൾ രജിസ്റ്ററിൽ ഉൾപെടുത്തിയിട്ടുണ്ട്. എന്നാൽഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിൽ തൻവർഷ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

### 1-10-18 ലോൺരജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

ബാലൻസ്ഷീറ്റ്, ഷെഡ്യൂൾ B-5 പ്രകാരം Secured Loan ൽ 4884000 നീക്കിയിരിപ്പുണ്ട്. എന്നാൽ ലോൺ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

### 1-10-19 ഡെപോസിറ്റ്, അഡ്വാൻസ് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-7, B-18 പ്രകാരമുള്ള നീക്കിരിപ്പുകൾ പരിശോധിക്കാൻ കഴിയും വിധം ഡെപോസിറ്റ്, അഡ്വാൻസ് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല.

### 1-10-20 " Capital Contribution" എന്ന ഇനത്തിലെ തുക മുൻവർഷത്തേക്കാൾ കുറവ്

31/3/2021 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ തുക 501995539 രൂപയാണ്. 31/3/2022 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത് 50181914 എന്ന തുകയാണ്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കുമ്പോൾ മുൻവർഷത്തേക്കാൾ തുക കൂടുകയാണ് വേണ്ടത്. എന്നാൽ തുക കുറയുകയാണ് ചെയ്തിരിക്കുന്നത്.

### 1-10-21 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ,ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

### 1-11 പിഴയായി ലഭിച്ച തുക വസ്തുനികുതി മുൻകൂറിലേയ്ക്ക് വകമാറ്റി

തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൌണ്ട് പരിശോധിച്ചു.അതിൽ 14723രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല , 140200102-Penalties And Fines എന്ന ശീർഷകത്തിൽ നിന്നും 31.03.2022ലെ 42100351 വൌച്ചർ മുഖേന 350410101-Advance Collection Of Revenues -Property Tax On Residential Building എന്ന ശീർഷകത്തിലേയ്ക്ക് മാറ്റുകയാണ് ചെയ്തിരിയ്ക്കുന്നത്. ഇപ്രകാരം വകമാറ്റിയ തുക, അത് ലഭിച്ച ശീർഷകത്തിലേയ്ക്ക് ജേണൽ എൻട്രി മുഖേന മാറ്റി വിവരം അറിയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ നൽകിയ 9/03.04.2023 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല

### 1-12 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്തതാണ്.

1. കള്ള് ഷാപ്പുകൾ
A) ഗ്രൂപ്പ് നമ്പർ 2 - പി കെ പരമേശ്വരൻ
B) ഗ്രൂപ്പ് നമ്പർ 4 - കെ കെ ശശിധരൻ
C) ഗ്രൂപ്പ് നമ്പർ 3 - അശോകൻ
2. റേഷൻ കടകൾ.
3. ക്ഷീരസംഘങ്ങൾ
4. BSNL അന്നമനട

ഡബ്ല്യൂ.പി.സി 16670/06നം കേസിന്റെ അന്തിമ വിധിയിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു.കേരള ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.
മുകളിൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നതിനായി നടപടി സ്വീകരിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 12 /3.4.23)

## 1-13 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഒടുക്കാത്തത്

അസി.എഞ്ചിനീയറുടെ എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതു പ്രകാരം 2021-22 വർഷ കാലയളവിൽ പഞ്ചായത്തിന്റെ പൊതുമരാമത്ത് പണികൾക്കായി AE യുമായി കരാറിലേർപ്പെട്ടിട്ടുള്ള താഴെ പറയുന്ന കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

.

| ക്രമ നം. | പേര്. | ക്രമ നം. | പേര്. |
|---|---|---|---|
| 1. | ജോണണ്‍ കെ ടി | 11. | ഫ്രാൻസിസ് പിൻറോ |
| 2. | കെ പി സാന | 12. | ജിജിമോൻ എൻ എ |
| 3. | സത്തീ കെ എ | 13. | എൻ പി ജോസ് |
| 4. | ലിയോണ്‍ എം.വി | 14. | സനീഷ് എ എസ് |
| 5. | ജോസഫ് കെ പി | 15. | ജോസ് എൻ പി |
| 6. | കെ ജെ ശ്രീക്കുട്ടൻ | 16. | വരുണ്‍ ചന്ദ്രശേഖർ |
| 7. | കെ പി സാലി | 17. | ജെഫ്രിൻ പിൻറോ |
| 8. | ജോർജ്ജ് ജോസഫ് | 18. | പോളി വർഗ്ഗീസ് ടി |
| 9. | ജോയ് എം. പി | 19. | ജോയ് ടി വി |
| 10. | അജക്സ് എം.എ | 20. | ജോർജ്ജ് ടി ടി |

കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നതിനായി 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 243(2) വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്.

2. താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ നികുതി

ഒടുക്കിയത് സ്ഥാപന തൊഴിൽ നികുതി / ജീവനക്കാരുടെ തൊഴിൽ നികുതി എന്നത് സംബന്ധിച്ച് വ്യക്തതയില്ലാത്തതാണ്. ആയതിനാൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ലെങ്കിൽ ആയത് ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നതിനായി സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്.

1. മിൽക്ക് സൊസൈറ്റി മേലഡൂർ
2. ക്രൈസ്റ്റ് ജോ ഹെൽത്ത് കെയർ കമ്പ്യൂട്ടറൈസ്ഡ് ക്ലിനിക്കൽ ലാബ്
3. കൃഷ്ണ ഡയറി - ലൈസൻസ് രജിസ്റ്റർ ക്രമ നം. 376
4. ഡോ. ഓമന സക്കറിയാസ് ഹോമിയോ ക്ലിനിക് മാമ്പ്ര
5. ഡെക്കാൻ കുറീസ്
6. നീതി മെഡിക്കൽ സ്റ്റോർ
7. പാലയിൽ ആയുർവേദ ഡിസ്പെൻസറി
8. ഹെൽത്ത് ആൻഡ് ഹൈജീൻ ഡെന്റൽ ക്ലിനിക്
9. കോർ ഡെന്റൽ ക്ലിനിക്
10. ഹൈടെക് നീതി ലാബ് , അന്നമനട
11. ഷജിന നേഴ്സിംഗ് ഹോം ആൻഡ് ക്ലിനിക്കൽ ലാബ്
12. മാധവ ഹോമിയോ ക്ലിനിക്
13. മേരി മാതാ ഹോമിയോ ക്ലിനിക്
14. ബ്രൈറ്റ് റബേഴ്സ് - റബ്ബർ മോൾഡ് സാധനങ്ങൾ നിർമ്മാണം
15. നെൽകോ പിവിസി പ്രോഡക്ട്സ്
16. ഇൻഫന്റ് ജീസസ് മിഷൻ ഹോസ്പിറ്റൽ
17. VA ഫ്യൂവൽസ്
18. എസ്സൻ ഓയിൽ ഇൻഡസ്ട്രീസ് / ഐഡിയൽ ഫുഡ് ഇൻഡസ്ട്രീസ് ( ലൈസൻസ് രജിസ്റ്റർ ക്രമ നം. 376 )
19. റോയൽ എഡിബിൾ കമ്പനി
20. നവരത്ന സൂപ്പർ മാർക്കറ്റ്
21. സിംഫണി ഹോട്ടൽസ് & റിസോർട്ട്സ്
22. സപ്ലൈക്കോ സൂപ്പർമാർക്കറ്റ് പൂവത്തുശ്ശേരി.
23. ക്ഷീര സംഘങ്ങൾ
1) കീഴഡൂർ
2) വെണ്ണൂർ
3) വെസ്റ്റ് കൊരട്ടി
4) ചെറുവാളൂർ
5) പാളയംപറമ്പ്
6) അന്നമനട
7) കുമ്പിടി
24. കള്ള് ഷാപ്പുകൾ
1) ഗ്രൂപ്പ് നമ്പർ 2 - പി കെ പരമേശ്വരൻ
2) ഗ്രൂപ്പ് നമ്പർ 4 - കെ കെ ശശിധരൻ
3) ഗ്രൂപ്പ് നമ്പർ 3 – അശോകൻ
25. റേഷൻ കടകൾ.
26. അക്ഷയ ഇ-കേന്ദ്രം. , അന്നമനട

(ഓഡിറ്റ് എൻക്വയറി നം. 11/3.4.23)

## 1-14 ലൈസൻസ് അപാകതകൾ

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം.142 & 143 പ്രകാരം യഥാക്രമം

സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയ്ക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. കൂടാതെ കേരള പഞ്ചായത്ത് രാജ് നിയമം 1994 ലെ വകുപ്പ് 270 ൽ (1) പ്രകാരം ഗ്രാമപഞ്ചായത്തിൽ മുൻകൂറായി രജിസ്റ്റർ ചെയ്യാതെ, ആ ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിനുള്ളിൽ യാതൊരു ആശുപത്രിയും പാരാമെഡിക്കൽ സ്ഥാപനങ്ങളും സ്ഥാപിക്കാൻ പാടുള്ളതല്ല. മുൻകൂറായി രജിസ്റ്റർ ചെയ്യാതെയോ അല്ലെങ്കിൽ രജിസ്ട്രേഷൻ റദ്ദ് ചെയ്തതിനുശേഷം പഞ്ചായത്ത് പരിധിയിൽ (പാരാമെഡിക്കൽ സ്ഥാപനം/സ്വകാര്യ ആശുപത്രി) പ്രവർത്തിക്കുന്ന കുറ്റസ്ഥാപനത്തിന്മേൽ കേരള പഞ്ചായത്ത് രാജ് നിയമം 1994 ലെ വകുപ്പ് 270 (എ) പ്രകാരവും പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും, പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ചട്ടങ്ങൾ 1997 ലെ ചട്ടം 8 പ്രകാരവും അയ്യായിരം രൂപവരെ ആകാവുന്ന പിഴശിക്ഷയും, കുറ്റം തുടരുന്ന ഓരോ ദിവസത്തിനും അഞ്ഞൂറ് രൂപയാകാവുന്ന അധിക പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്. ലൈസൻസ് രജിസ്റ്റർ, പാരാമെഡിക്കൽ സ്ഥാപന രജിസ്റ്റർ എന്നിവയുടെ പരിശോധനയിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു.

1.കെയർ ഡെന്റൽ ക്ലിനിക്

2.ക്ലാസിക് ഡെന്റൽ കെയർ

3.ഇൻഫന്റ് ജീസസ് മിഷൻ ഹോസ്പിറ്റൽ

4.പാലയിൽ ഡിസ്പെൻസറി

അപാകത സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (ഓഡിറ്റ് അന്വേഷണം നമ്പർ:6/30-3-2023). രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്ന എല്ലാ പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കെതിരെയും ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 റേഷൻകടകൾ, കള്ളുഷാപ്പുകൾ, ക്ഷീര സഹകരണ സംഘം ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149, ക്രമ നം. 139, ക്രമ നം. 132 എന്നിവ പ്രകാരം റേഷൻ കടകൾ, കള്ളുഷാപ്പുകൾ, ക്ഷീര സഹകരണ സംഘം തുടങ്ങിയവ പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവയുടെ ലൈസൻസില്ലാതെയുള്ള പ്രവർത്തനം 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-31 ൽ പരാമർശിച്ചിരുന്നു. 2021-22 വർഷത്തിലും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 14 റേഷൻകടകളും, 9 കള്ളുഷാപ്പുകളും ലൈസൻസില്ലാതെയാണ് പ്രവർത്തിച്ചിട്ടുള്ളത് (ഓഡിറ്റ് അന്വേഷണം നമ്പർ :5, 30-3-2023). കൂടാതെ മാമ്പ്ര വെസ്റ്റ് കൊരട്ടി ക്ഷീര സഹകരണ സംഘം, അന്നമനട ക്ഷീര സഹകരണ സംഘം എന്നിവയും ലൈസൻസില്ലാതെ പ്രവർത്തിച്ചിരുന്നു. പ്രസ്തുത സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 തുകകൾ ക്രമീകരിക്കേണ്ടതാണ്

ലേലം രജിസ്റ്റർ പ്രകാരം Receipts From Auction Of Obsolete Assets ഇനത്തിൽ 232900 രൂപ വരവുണ്ട്. എന്നാൽ ഈ ഇനത്തിൽ Receipt And Paymentഷെഡ്യൂൾ RP5 പ്രകാരമുള്ള വരവ് 231300 രൂപയാണ്. വ്യത്യാസം വന്ന തുകയായ 1600 രൂപ Auction Deposit ഹെഡിൽ തെറ്റായി വരവ് വച്ചതായി ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്(ഓഡിറ്റ് അന്വേഷണം നമ്പർ:5, 30-3-2023). ടി തുക വരും വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

## 1-17 ലേലം - തുടർവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

താഴെ പറയുന്ന കമ്മിറ്റി തീരുമാനങ്ങളുടെ തുടർനടപടികൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല (ഓഡിറ്റ് അന്വേഷണം നമ്പർ :9, 1-4-2023)

9/6/2021 ലെ അജണ്ട :4 തീരുമാനം നമ്പർ : 1

മാള ബ്ലോക്ക് പഞ്ചായത്ത് 2020-21 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പട്ടുകളും ചെളിനീക്കി

ആഴം കൂട്ടി സംരക്ഷണം, നങ്ങ്യാരുകുളം സംരക്ഷണം എന്നീ പ്രവർത്തികളുടെ നിർവഹണസമയത്ത് ലഭ്യമായ ചെളികലർന്ന മണ്ണ് കൂട്ടിയിട്ടിരിക്കുന്നത് ലേലം ചെയ്യണമെന്ന് ആവശ്യപ്പെട്ട് മാള ബ്ലോക്ക് അസി.എഞ്ചിനീയർ കത്ത് സമർപ്പിക്കുകയും ആയതിന്റെ വാല്യുവേഷൻ തയ്യാറാക്കി സമർപ്പിക്കുന്നതിന് അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു.

8/11/2021 ലെ അജണ്ട :1 തീരുമാനം നമ്പർ:2

മാള ബ്ളോക്ക് പഞ്ചായത്ത് 2020-21 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ആലത്തൂർ ചാരുപടി കലുങ്ക് നിർമ്മാണം എന്ന പ്രവർത്തിയുടെ നിർവഹണസമയത്ത് കുഴിച്ചെടുത്ത 15 എം$^3$മണ്ണ് ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് മാള എൽ.എസ്.ജി.ഡി സബ് ഡിവിഷണൽ അസി.എഞ്ചിനീയർആവശ്യപ്പെടുകയും ആയതിന്റെ വാല്യുവേഷൻ തയ്യാറാക്കി സമർപ്പിക്കുന്നതിന് അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു.

മേൽ സൂചിപ്പിച്ച പ്രവൃത്തികളിൽ ലഭ്യമായ മണ്ണിന്റെ വാല്യുവേഷൻ തയ്യാറാക്കി ലേലം ചെയ്തതു സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 വാടക ബൈലോ-സർക്കാർ അംഗീകാരം ലഭ്യമാക്കേണ്ടതാണ്

പഞ്ചായത്ത് വക കെട്ടിടങ്ങളും അവയിലെ മുറികളും വാടകയ്ക്ക് നൽകുന്നതിനുള്ള ബൈലോയ്ക്ക് സർക്കാർ അംഗീകാരം ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ് (ഓഡിറ്റ് അന്വേഷണം നമ്പർ :17/3-4-2023).

## 1-19 വസ്തു നികുതി നിർണയിച്ചതിലെ അപാകതകൾ

2021-22 വർഷം നമ്പർ നൽകിയ ഗൗതം ജേക്കബിന്റെ പേരിലുള്ള താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

പെർമിറ്റിനായി സമർപ്പിച്ച പ്ലാനിൽ പ്ലോട്ടിനോട് ചേർന്ന് റോഡിന് 7 മീറ്റർ വീതി എന്നാണ് കാണിച്ചിരിക്കുന്നത്. എന്നാൽ സഞ്ചയയിലെ ഫോം 6 പ്രകാരം ഒന്നര മീറ്ററിന് താഴെയുള്ള നടപ്പാത എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്ലോട്ടിനോട് ചേർന്ന റോഡ് സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിട മുറികൾക്ക് താഴെ പറയും പ്രകാരം വർദ്ധന വരുത്താവുന്നതാണ്.

| ക്രമ. നം. | കെട്ടിട നമ്പർ | അടിസ്ഥാന വസ്തു നികുതി | നൽകിയത് | നൽകേണ്ടിയിരുന്നത് |
|---|---|---|---|---|
| 1. | 13/125/A | 577.60 | 20% ഇളവ് | 20% വർദ്ധന |
| 2. | B | 360.80 | | |
| 3. | C | 911.60 | | |
| 4. | D | 399.60 | | |
| 5. | E | 399.60 | | |

7മീറ്റർ വീതിയുള്ള റോഡിന് സമീപം സ്ഥിതി ചെയ്യുന്ന പ്രസ്തുത കെട്ടിടം ഉൾപ്പെടുന്ന മേഖല ത്രിതീയം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കെട്ടിടം സ്ഥിതിചെയ്യുന്ന മേഖല പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. നികുതി പുനഃനിർണ്ണയിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി നം. 21/ 4.4.23)

## 1-20 പെർമിറ്റ് -അപാകതകൾ

ഫയൽ നം.A3/4201/2021

പെർമിറ്റ് നം. C5-269/15 ,തീയതി :29/4/15

സിറിൽ ജോൺസൺ, പനക്കൽ എന്നവർക്ക് സർവെ നം. 810/0-6 ൽ 245.69എം$^2$ വിസ്തീർണമുള്ള റെസിഡെൻഷ്യൽ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നല്കിയിരുന്നു. പിന്നീട് ടി പെർമിറ്റിന്റെ കാലാവധി 28/4/21 വരെ പുതുക്കിയിട്ടുണ്ട്. പ്രസ്തുത ഫയൽ പ്രളയത്തിൽ നഷ്ടപ്പെട്ടതിനാൽ പരിശോധിക്കാനായില്ല.

7/4/21ന് ടിയാൻ പെർമിറ്റിൽനിന്നും വ്യതിചലിച്ച് നിർമ്മിച്ച 586.71എം$^2$ വിസ്തീർണമുള്ള റെസിഡെൻഷ്യൽ കെട്ടിടത്തിന്റെ ക്രമവൽക്കരണത്തിനായി സമർപ്പിച്ച പ്ലാനിൽ 88.01എം$^2$ വിസ്തീർണ്ണമുള്ള ഷെഡ് നിലനില്ക്കുന്നതായി കാണിച്ചിട്ടുണ്ട്. കെട്ടിടനമ്പർ പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ല. റെസിഡെൻഷ്യൽ കെട്ടിടത്തിന് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് നികുതി നിർണയിച്ച് നല്കിയിട്ടുണ്ട്. നിലവിലുള്ള 88.01എം$^2$വിസ്തീർണ്ണമുള്ള കെട്ടിടം സംബന്ധിച്ച വിവരങ്ങൾ നല്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല (ഓഡിറ്റ് അന്വേഷണം നമ്പർ:18, 3-4-2023). സ്ഥലപരിശോധന നടത്തി ടി കെട്ടിടം ക്രമവല്ക്കരിക്കുന്നതിനുവേണ്ട ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-21 ILGMS ആവശ്യത്തിന് കമ്പ്യൂട്ടറുകളും മറ്റ് ഉപകരണങ്ങളും വാങ്ങൽ-കെൽട്രോണിൽ നിന്നും കമ്പ്യൂട്ടർ ലഭിച്ചിട്ടില്ല

സെക്രട്ടറി നടപ്പാക്കിയ ILGMS ആവശ്യത്തിന് കമ്പ്യൂട്ടറുകളും മറ്റ് ഉപകരണങ്ങളും വാങ്ങൽ എന്ന പ്രോജക്റ്റിൽ കെൽട്രോണിൽ നിന്നും കമ്പ്യൂട്ടർ വാങ്ങുന്നതിനായി താഴെപറയും വിധം തുക നൽകിയിട്ടുണ്ട്

| പ്രോജക്റ്റ് നമ്പർ | വൗച്ചർ നമ്പർ, തിയതി | തുക |
|---|---|---|
| 205/22, | 22101233/21.03.22, | 39797 |

എന്നാൽ കെൽട്രോണിൽ നിന്നും കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല. ഇക്കാര്യത്തിൽ നൽകിയ 02/28.03.23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് കെൽട്രോണിൽ സ്റ്റോക്ക് ഇല്ലാഞ്ഞതിനാൽ കമ്പ്യൂട്ടർ ലഭ്യമായില്ല എന്നും 2022-23 ൽ 15157 രൂപ അധികമായി ഉൾപെടുത്തി കെൽട്രോണിന് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ ലഭ്യമാകുന്ന മുറയ്ക്ക് വിവരം അറിയിക്കേണ്ടതാണ്

## 1-22 മിനിട്രാക്ടർ വാങ്ങൽ അപാകതകൾ

കൃഷി ഓഫീസർ നടപ്പാക്കിയ മിനി ട്രാക്ടർ എന്ന പ്രോജക്റ്റിൽ താഴെപറയും വിധം തുക ചെലവഴിച്ച് അന്നമനട ഗ്രാമപഞ്ചായത്ത് നെല്ലുൽപദക കർഷകസമിതിയുടെ ഉപയോഗത്തിനായി കേരള അഗ്രോ ഇന്റസ്ട്രീസ് കോർപറേഷനിൽ നിന്നും മിനിട്രാക്റ്റർ വാങ്ങിയിട്ടുണ്ട്

| പ്രോജക്റ്റ് നമ്പർ | വൗച്ചർ നമ്പർ, തിയതി | തുക |
|---|---|---|
| 204/22 | 22101457/25.03.2022, | 400000 |
| | 22101320/30.03.2022 | 98000 |

ഇതുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.
സബ്സിഡി മാർഗരേഖ സർക്കാർ ഉത്തരവ് കൈ നം.22/18/ത.സ്വ.ഭ.വ തിയതി 14.02.2018,ഖണ്ഡിക 6.1.8 പ്രകാരം

1.ഉടമസ്ഥത കൃഷി ഓഫീസർക്കും കൈവശാധികാരം സമിതിയ്ക്കുമാകണമെന്ന് പറയുന്നുണ്ടെങ്കിലും അന്നമനട ഗ്രാമപഞ്ചായത്ത് നെല്ലുൽപദക കർഷകസമിതിയുടെ പേരിലാണ് മിനി ട്രാക്ടർ രജിസ്റ്റർ ചെയ്തിരിയ്ക്കുന്നത്
2.നിലവിലുള്ള ഉപകരണങ്ങൾ അപാര്യാപ്തമാണെന്നുള്ള റിപ്പോർട്ട് കൃഷി ഓഫീസർ തയ്യാറാക്കിയിട്ടില്ല.
3.യന്ത്രങ്ങളുടെ സംരക്ഷണം, ഉപയോഗം, വാടക ഇവ പ്രതിപാദിയ്ക്കുന്ന കരാർ തയ്യാറാക്കിയിട്ടില്ല.
സബ്സിഡി മാർഗരേഖയ്ക്കനുസൃതമായി മാത്രം കാർഷിക യന്ത്രങ്ങൾ വാങ്ങിക്കേണ്ടതും പരിപാലിയ്ക്കേണ്ടതുമാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ 9/30.03.2023)

## 1-23 പച്ചക്കറികൃഷി ക്ലസ്റ്റർ-രേഖകൾ പൂർണ്ണമല്ല

കൃഷി ഓഫീസർ നടപ്പാക്കിയ പച്ചക്കറികൃഷി ക്ലസ്റ്റർ എന്ന പ്രോജക്റ്റിൽ ഐശ്വര്യ, സമൃദ്ധി, ഗ്രീഷ്മം, ആത്മ, ഹരിത എന്നീ പച്ചക്കറികൃഷി ക്ലസ്റ്ററുകൾക്ക് താഴെപറയും വിധം 70000 വീതം രൂപ സബ്സിഡി നൽകിയിട്ടുണ്ട്

| പ്രോജക്റ്റ് നമ്പർ | വൗച്ചർ നമ്പർ, തിയതി | തുക |
|---|---|---|
| 44/22 | 2210468/27.03.22 | 350000 |

ഈ പ്രോജക്റ്റിൽ, കൃഷി ചെയ്യുന്ന ഭൂമിയുടെ കരമടച്ച രസീതി ഹാജരാക്കിയിട്ടില്ല, അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് ഇല്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ 7/30.03.2023 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് കൃഷിഭൂമി നേരിട്ട് സന്ദർശിച്ചതിനുശേഷമാണ് സബ്സിഡി നൽകിയതെന്ന് മറുപടി നൽകിയിട്ടുണ്ട്. മേൽപ്രകാരമുള്ള രേഖകൾ കൃത്യമാക്കി അറിയിക്കേണ്ടതാണ്.

## 1-24 കാർഷിക പ്രോജക്റ്റുകളിലെ അപേക്ഷകളിൽ അന്വേഷണ റിപ്പോർട്ട് രേഖപ്പെടുത്തിയിട്ടില്ല

കൃഷിഓഫീസർ നടപ്പാക്കിയ, ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകിയ താഴെപറയുന്ന പ്രോജക്റ്റുകളിലെ അപേക്ഷകളിൽ ഒന്നും തന്നെ അന്വേഷണ റിപ്പോർട്ട് എഴുതുകയും അർഹമായ തുക രേഖപ്പെടുത്തുകയും ചെയ്തിട്ടില്ല.

| | | |
|---|---|---|
| 1 | 27/22,ഹരിത സമൃദ്ധി പച്ചക്കറികൃഷി | 22108423/14.03.22-24167<br>22101423/22.03.22-3825 |
| 2 | 20/22,നെൽകൃഷി കൂലിച്ചെലവ് | 22101384/18.02.22-713200<br>22101385/18.02.22-500000 |
| 3 | 177/22,വാഴക്കൃഷി(scp) | 22101403/04.03.22-100000 |

ഇതുമായി ബന്ധപ്പെട്ട് നൽകിയ 9/30.09.2023 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മാർച്ചിലെ തിരക്ക് കാരണമാണ് അന്വേഷണറിപ്പോർട്ട് രേഖപ്പെടുത്താൻ കഴിയാതിരുന്നത് എന്ന് മറുപടി നൽകിയിട്ടുണ്ട്. അപേക്ഷകൾ കൃത്യമാക്കി അറിയിക്കേണ്ടതാണ്.

## 1-25 കന്നുകുട്ടി പരിപാലന പദ്ധതി -ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്നും പിന്മാറി

നിർവ്വഹണ ഉദ്യോഗസ്ഥൻ-വെറ്ററിനറി സർജൻ

പ്രോജക്റ്റ് നമ്പർ :51/22

പ്രോജക്റ്റിന്റെ പേര് : പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി(വനിത)

അടങ്കൽ തുക :140000/-

ചെലവ് തുക : 700000/-

വൌച്ചർനം.22101372/27-1-22 ,തുക : 500000/-

വൌച്ചർനം.22101374/8-2-22, തുക : 200000/-

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഗുണഭോക്തൃ വിഹിതമായി 700000 രൂപ എസ് എൽബിപിക്ക് കൈമാറിയിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് തീറ്റ വിതരണം നടത്തുന്ന ക്ഷീര സഹകരണ സംഘത്തിന്റെ നാൾ വഴി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുക്കുന്ന ഗുണഭോക്താക്കൾ പദ്ധതി യിൽ നിന്നും വിട്ടുപോയതായി കണ്ടു.വിശദാംശം ചുവടെ ചേർക്കുന്നു.

1.ഗിൽസ രതീഷ്,കൈപ്പിള്ളി

2.റോസി ഷിബു എടത്തിപറമ്പിൽ

3.നളിനി മംഗലപ്പിള്ളി

4.മോളി ടോമി ചക്കാലക്കൽ

5.റോസി കണ്ണമ്പുഴ

6.എൽസി ജോൺസൺ അറയ്ക്കൽ

7.സഹിത സുരേഷ് പൊന്നമ്പിൽ

പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് നൽകിയ സബ്സിഡിക്ക് ആനുപാതികമായി തീറ്റ കൈപ്പറ്റാത്ത ഗുണഭോക്താക്കളുടെ വിഹിതം തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി നല്കിയിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നമ്പർ :8, 1-4-2023). തുക സർക്കാരിലേക്ക് അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-26 ലൈബ്രറിയിലേക്ക് പുസ്തകം വാങ്ങൽ-അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ്മാസ്റ്റർ

പ്രോജക്ട് നമ്പർ :99/22

പ്രോജക്ടിന്റെ പേര് : ലൈബ്രറിയിലേക്ക് പുസ്തകം വാങ്ങൽ

ചെലവ് തുക : 40000/-

വൗച്ചർ നം : 22101327/31-3-2022

ചെക്ക് നമ്പർ : 24742/31-3-2022

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായ ലൈബ്രറിയിലേക്ക് പുസ്തകം വാങ്ങൽ എന്ന പദ്ധതിയിൽ 40000 രൂപ ഹരിതം ബുക്ക്സ് കോഴിക്കോടിന് കൈമാറിയിട്ടുണ്ട്. 21/3/22 ലെ ബിൽ നം. 5 പ്രകാരം ഹരിതം ബുക്ക്സിൽ നിന്നും ലഭ്യമായ 306 പുസ്തകങ്ങൾ വിവിധ ലൈബ്രറികൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല. അപാകതകൾ സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് (ഓഡിറ്റ് അന്വേഷണം നമ്പർ :1, 28-3-2023) വെസ്റ്റ് കൊരട്ടി ജ്ഞാനോദയം വായനശാല, ഗ്രാമീണ വായനശാല അന്നമനട എന്നിവ 102 പുസ്തകങ്ങൾ കൈപ്പറ്റിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി. ബാക്കിയുള്ള 204 പുസ്തകങ്ങൾ വിവിധ വായനാശാലകൾ കൈപ്പറ്റിയതിന്റെ രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-27 മരണ ശേഷവും സാമൂഹ്യ സുരക്ഷ പെൻഷനുകൾ നൽകി

സാമൂഹ്യ സുരക്ഷാ പെൻഷൻ ഫയൽ, സേവന പോർട്ടൽ എന്നിവയുടെ പരിശോധനയിൽ, ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള ആളുകളിൽ പലർക്കും പെൻഷൻ തുടർന്നും ബാങ്ക് അക്കൗണ്ടിലേക്ക് വിതരണം ചെയ്തതായി കാണുന്നു. വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പെൻഷൻ (തരം) | മരണം നടന്ന തീയതി | പെൻഷൻ തുക വിതരണം | പെൻഷൻ അക്കൗണ്ട് സ്റ്റാറ്റസ് |
|---|---|---|---|---|
| തോമസ് സി എൽ | വാർദ്ധക്യകാല പെൻഷൻ | 12.09.2021 | 2022 ജനുവരി | സസ്പെൻഡ് |
| ശത്രുഘ്നൻ | വാർദ്ധക്യകാല പെൻഷൻ | 01.10.2021 | 2022 ഏപ്രിൽ | സസ്പെൻഡ് |
| മുഹമ്മദാലി ടി.വി | വാർദ്ധക്യകാല പെൻഷൻ | 08.10.2021 | 2022 ഡിസംബർ | ആക്ടീവ് |
| കൃഷ്ണൻ നമ്പൂതിരി ടി എസ് | വാർദ്ധക്യകാല പെൻഷൻ | 01.10.2021 | 2022 ഏപ്രിൽ | സസ്പെൻഡ് |
| നാരായണി | കർഷക തൊഴിലാളി പെൻഷൻ | 22.06.2021 | 2022 ഡിസംബർ | ആക്ടീവ് |
| മാത്യു | വാർദ്ധക്യകാല | 20.03.21 | 2022 | സസ്പെൻഡ് |

| | | | | |
|---|---|---|---|---|
| | പെൻഷൻ | | മെയ് | |

സർക്കാർ ഉത്തരവ് നം.97/2020/ധന, തിയതി.23.9.20 പ്രകാരം മരണപ്പെടുന്നവരുടെ വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർ മുഖാന്തിരം ശേഖരിച്ച് അതത് മാസം പെൻഷൻ ഡാറ്റാബേസിൽ നിന്നും നീക്കാൻ തദ്ദേശ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. എന്നാൽ മേൽ സൂചിപ്പിച്ച ടേബിളിൽ നിന്നും മരണപ്പെട്ടവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും കൃത്യസമയത്ത് ഒഴിവാക്കിയിട്ടില്ല എന്ന് വ്യക്തമാണ്. അധികം നല്കിയ പെൻഷൻ തിരികെ ഈടാക്കിയതിന്റെ വിവരം, അപാകതകൾ എന്നിവ സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടി ലഭ്യമായിട്ടില്ലാത്തതാണ്. തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അനർഹരുടെയും മരണപ്പെട്ടവരുടെയും വിവരം പരിശോധിച്ച് കാലതാമസം കൂടാതെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനും അനർഹമായി നൽകപ്പെട്ട തുക തിരികെ ഈടാക്കുന്നതിനും സർക്കുലർ നം. 63/2021/fin, തീ. 02.08.2021 പ്രകാരമുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 20/4.4.23)

## 1-28 തനതു ഫണ്ട് ചെലവു പരിശോധന-രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

തനതു ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ പട്ടികയിൽ റിമാർക്സ് കോളത്തിൽ ചേർത്തിട്ടുണ്ട്. റിമാർക്സിൽ പറഞ്ഞിരിക്കുന്ന രേഖകൾ/ ഫയൽ, വിശദീകരണം സഹിതം ഈ റിപ്പോർട്ടിന്റെ ആദ്യ മറുപടിക്കൊപ്പം ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറിക്ക് (നം.10/1.4.23) നൽകിയ മറുപടി പരിശോധിച്ച ശേഷവും നിലനിൽക്കുന്ന അപാകതകളാണ് റിമാർക്സിൽ ചേർത്തിട്ടുള്ളത്.

| ക്രമ. നം | വൗച്ചർ നം/തീയതി/ ചെലവു തുക | സ്ഥാപനം /റിമാർക്സ് |
|---|---|---|
| 1. | 22100665/20.10.21 /4000/- | 2020 - 21 2021- 22 വർഷങ്ങളിലെ ക്രൂസ് വരിസംഖ്യ(2000+2000) എന്ന പേരിൽ 4000 രൂപ<br>മാനേജിംഗ് ഡയറക്ടർ ക്രൂസിനു കൈമാറിയിട്ടുണ്ട്.<br>KREW S ന്റെ ബി- 231/ 202 1/ 29.9.2021 ലെ കത്തിൽ വാർഷിക വരിസംഖ്യ കുടിശ്ശിക അടവാക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.<br>പ്രസ്തുത ചെലവിനെ സാധൂകരിക്കുന്ന സർക്കാർ ഉത്തരവ് നിർദ്ദേശം ലഭ്യമെങ്കിൽ ഹാജരാക്കേണ്ടതാണ്. പ്രസ്തുത ചെലവിന്റെ UTRstmt /ക്യാഷ് രസീത് ലഭ്യമാക്കേണ്ടതാണ്. |
| 2. | 22100765/26.11.21 /3230/- | പ്രദേശവാസികൾ ആവശ്യപ്പെട്ടതനുസരിച്ച് ഭരണ സമിതിയുടെ 28.4.21 ലെ 25(1 ) തീരുമാനപ്രകാരം<br>മുവ്വേലി തോട് SY 576/ 1,<br>സീനായ് പള്ളിത്തോട് SY No. 564/ 3 എന്നിവയ്ക്ക് 1360/-, 1870/- രൂപ വീതം കല്ലൂർ തെക്കും മുറി വില്ലേജ് (ചാലക്കുടി താലൂക്ക്) കൈമാറിയിട്ടുണ്ട്. പണമടവാക്കിയതിന്<br>താലൂക്കിൽ നിന്നുള്ള രശീതി ലഭ്യമാക്കേണ്ടതും അളന്നു തിട്ടപ്പെടുത്തിയോ |

| | | |
|---|---|---|
| | | എന്നറിയിക്കേണ്ടതുമാണ്. |
| 3. | 22100921/11.1.22 /30280/- | വെണ്ണൂർ തുറ നവീകരണം സർവേ കാട് വെട്ടി തെളിക്കൽ.<br>വെണ്ണൂർ തുറനവീകരണ പ്രൊജക്ടിന്റെ നിലവിലെ അവസ്ഥ പ്രസ്തുത സർവ്വേറിപ്പോർട്ട സഹിതം ഹാജരാക്കേണ്ടതാണ്. |
| 4. | 22100929/14.1.22 /9855/- | അന്നമനട മാർക്കറ്റ് റോഡ്<br>ഇലക്ട്രിക്ക്<br>പോസ്റ്റ് മാറ്റുന്നതിന് AE,KSEB, Elecric Section,അന്നമനട<br>പ്രവൃത്തി പൂർത്തീകരിച്ചതായ ധനവിനിയോഗ സാക്ഷ്യപത്രം KS EB യിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. |
| 5. | 22101163/28.2.22/8076 | വാളൂർ മസ്ജിദ് റോഡ് പുനരുദ്ധാരണം<br>ഇലക്ട്രിക്ക്<br>പോസ്റ്റ് മാറ്റുന്നതിന് AE,KSEB, Elecric Section,അന്നമനട<br>പ്രവൃത്തി പൂർത്തീകരിച്ചതായ ധനവിനിയോഗ സാക്ഷ്യപത്രം KS EB യിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. |
| 6. | 22101184/5.3.22/9922 | മാർക്കറ്റ് ലിങ്ക് റോഡ് നവീകരണം<br>ഇലക്ട്രിക്ക്<br>പോസ്റ്റ് മാറ്റുന്നതിന് AE,KSEB, Elecric Section, അന്നമനട<br>പ്രവൃത്തി പൂർത്തീകരിച്ചതായ ധനവിനിയോഗ സാക്ഷ്യപത്രം KS EB യിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. |
| 7. | 22101185/2.3.22/9624 | മാർക്കറ്റ് ലിങ്ക് റോഡ് നവീകരണം<br>ഇലക്ട്രിക്ക്<br>പോസ്റ്റ് മാറ്റുന്നതിന് AE,KSEB, Elecric Section, അന്നമനട<br>പ്രവൃത്തി പൂർത്തീകരിച്ചതായ ധനവിനിയോഗ സാക്ഷ്യപത്രം KS EB യിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. |
| 8. | 22101186/2.3.22/8232 | മാർക്കറ്റ് ലിങ്ക് റോഡ് നവീകരണം<br>ഇലക്ട്രിക്ക്<br>പോസ്റ്റ് മാറ്റുന്നതിന് AE, KSEB, Elecric Section, അന്നമനട |
| 9. | 22101190/11.3.22/9624 | റോഡ് നവീകരണം വാർഡ് 17<br>പോസ്റ്റ് മാറ്റുന്നതിന് AE, KSEB, Elecric Section, അന്നമനട<br>പ്രവൃത്തി പൂർത്തീകരിച്ചതായ ധനവിനിയോഗ |

| | | |
|---|---|---|
| | | സാക്ഷ്യപത്രം KS EB യിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. |
| 10. | JV 42100189/14.3.22 /180000 | A1/243/D/2021/14.3.22<br>വാർഡൊന്നിന് 10000 രൂപ നിരക്കിൽ 18 വാർഡുകൾക്കായി 180000 രൂപ പൂർണ്ണമായി ചെലവഴിച്ചെന്ന മെഡിക്കൽ ഓഫീസർ മാമ്പ്ര പി.എച്ച്.സിയുടെ സാക്ഷ്യപത്രം വൗച്ചറിനോടൊപ്പമുണ്ട്. അനുബന്ധ ചെലവു രേഖകൾ ലഭ്യമാക്കേണ്ടതാണ്. |

## 1-29 ലൈഫ് ഭവന പദ്ധതി- നിർമ്മാണം സമയ പരിധിക്കുള്ളിൽ പൂർത്തീകരിക്കാത്ത പക്ഷം അനുവദിച്ച തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

ലൈഫ് ഭവന പദ്ധതി( SC)
നിർവ്വഹണ ഉദ്യോഗസ്ഥൻ: വി.ഇ.ഒ (മേലഡൂർ സർക്കിൾ)
സർക്കാർ ഉത്തരവ് (കൈ) 34/2018/ത.സ്വ.ഭ.വ, 28.09.2016 ലൈഫ് മിഷൻ കരാർ പത്രിക ക്രമ നമ്പർ 4 പ്രകാരം കരാർ ചമച്ച് 6 മാസത്തിനകം നിർമ്മാണം പൂർത്തീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ ധനസഹായം കൈപ്പറ്റി നിർമ്മാണം പൂർത്തിയാക്കാതെ അവശേഷിക്കുന്നവ പൂർത്തീകരിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രൊജക്ടുകൾ ഏറ്റെടുക്കാവുന്നതാണെന്ന് സ.ഉ (എം.എസ്) 22/2018/തസ്വഭവ തീ.14.02.2018 സബ്സിഡി മാർഗ്ഗരേഖയിലൂടെ നിർദ്ദേശവും പുറപ്പെടുവിച്ചിരുന്നു. പൂർത്തീകരിക്കുന്നതിനുള്ള പരമാവധി തുക, വിവിധ ഘട്ടങ്ങൾ എന്നിവ സംബന്ധിച്ചുള്ള മാർഗ്ഗരേഖകൾ പിന്നീട് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ലൈഫ് മിഷന്റെ നം. എൽ.എഫ്.2/511/2017, തീ. 25.04.2018 പ്രകാരവും വ്യക്തമായ മാർഗ്ഗനിർദ്ദേശം ലഭിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് (കൈ) നമ്പർ 34/2018/ത.സ്വ.ഭ.വ തിയതി 16.3.2018 ഭവനനിർമ്മാണത്തിനായി കരാർ ചമച്ച ഗുണഭോക്താക്കൾ കരാർ വ്യവസ്ഥ ലംഘിച്ചാൽ 12% പലിശ സഹിതം തുക തിരികെ ഈടാക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്.
1.വി.ഇ.ഒ (മേലഡൂർ സർക്കിൾ) നിർവ്വഹണം നടത്തിയ ലൈഫ് ഭവനപദ്ധതി (പട്ടികജാതി) (പ്രോജക്റ്റ് നം.49/22) പ്രകാരം 2021-22 വർഷത്തിൽ ഉടമ്പടിവെച്ച് അഡ്വാൻസ് തുക 40,000രൂപ കൈപ്പറ്റിയ ജിജിത I C, ഐരാണിത്തറ,വാർഡ് 3 (വൗച്ചർ നം:22100999/7.5.21) എന്ന ഗുണഭോക്താവ് നാളിതു വരെയും വീടുപണി ആരംഭിച്ചിട്ടില്ല. തുക തിരികെ ഈടാക്കുന്നതിന് RR നടപടിക്കായി വില്ലേജ് ഓഫീസർക്ക് കത്തു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം:9/29.3.23) മറുപടി ലഭ്യമാക്കി. തുടർ നടപടി സ്വീകരിച്ച് തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
2. ഗുണഭോക്തൃരജിസ്റ്റർ പരിശോധിച്ചതിൽ ഓമന കുഞ്ഞപ്പൻ, പാലിയം പറമ്പിൽ (വാർഡ് - 17) എന്നവരും നിർമ്മാണം പൂർത്തിയാക്കാത്തത് ശ്രദ്ധയിൽ പെട്ടു. 40000 രൂപ അഡ്വാൻസ് കൈപ്പറ്റി (2020-21ൽ) തുടർന്ന് 7.5.21 ൽ 160000/-(വൗച്ചർ നം:22100999/7.5.21) രൂപയ്ക്ക് ബേസ് മെന്റ് ഘട്ടം വരെ എത്തിയ ഭവനനിർമ്മാണം ഓഡിറ്റ് തിയ്യതിയിലും പൂർത്തിയായിട്ടില്ല. മലബാർ ഗോൾഡ് എന്ന സ്ഥാപനത്തിന്റെ സഹായത്താൽ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നതായി ഗുണഭോക്താവ് അറിയിച്ചെന്ന് വി ഇ ഒ മറുപടിയിൽ പറയുന്നു. എന്നാൽ നാളിതു വരെ പണി പൂർത്തീകരിക്കാത്തതിനാൽ RR നടപടിക്കായി അടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ കത്തു നൽകുന്നതാണെന്നും മറുപടി ലഭ്യമാക്കി. ഇക്കാര്യത്തിലും എത്രയും വേഗം നിർമ്മാണം പൂർത്തിയാകാത്ത പക്ഷം RR നടപടി സ്വീകരിച്ച് തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-30 തെരുവ്വിളക്ക് അറ്റകുറ്റപണി-അപാകതകൾ

സെക്രട്ടറി നടപ്പാക്കിയ തെരുവ് വിളക്ക് അറ്റകുറ്റപ്പണി എന്ന പ്രോജക്റ്റിൽ താഴെപറയും വിധം ചെലവുണ്ട്

| പ്രോജക്റ്റ് നമ്പർ | വൗച്ചർ നമ്പർ, തിയതി | തുക |
|---|---|---|
| 04/22, | 22101018/29.07.21 | 40000 |
| | 22101027/18.10.21 | 120000 |

| | | |
|---|---|---|
| തെരുവ് വിളക്ക് അറ്റകുറ്റപണി | 22101085/30.12.21 | 160000 |
| | 22101421/14.03.22 | 80000 |

ഈ പ്രോജക്റ്റുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു

1.അറ്റകുറ്റപണികരാറുകാരൻ ശ്രീ.ഷാജൻ.സി.പി,ചാക്കിയത്ത് വീട് എളവൂർ, സർക്കുലർ നമ്പർ 3055/ഡിഎ3 /2011/തസ്വഭവ,തിയതി 15.09.2011 പ്രകാരമുള്ള ഇലക്ട്രിക്കൽ കോൺട്രാക്ടേഴ്സ് ലൈസൻസ് ഹാജരാക്കിയിട്ടില്ല.
2.തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്റർ, പരാതി രജിസ്റ്റർ എന്നിവ പരിപാലിയ്ക്കുന്നില്ല

തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് 02/28.03.2023 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയെങ്കിലും ഇക്കാര്യത്തിൽ മറുപടി നൽകിയിട്ടില്ല.
ലൈസൻസുള്ള കരാറുകർക്ക് മാത്രം തെരുവ്വിളക്ക് അറ്റകുറ്റപണി നൽകേണ്ടതും തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്റർ, പരാതി രജിസ്റ്റർ എന്നിവ പരിപാലിയ്ക്കേണ്ടതുമാണ്.

## 1-31 ഡിജിറ്റൽ ലൈബ്രറി റീഡിംഗ് റൂം നിർമ്മാണപ്രവൃത്തി-ഇൻകം ടാക്സ് കുറവായി ഈടാക്കി.

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസി.എഞ്ചിനീയർ
പ്രൊജക്റ്റ് നം : 148/ 22
ഡിജിറ്റൽ ലൈബ്രറി, റീഡിംഗ് റൂം ഇവയുടെ നിർമ്മാണം
CFC : 20,10,000
തനതു ഫണ്ട്: 2000000
CFC ചെലവ്: 18,30,890
ഫസ്റ്റ് പാർട്ട് ബിൽ: 18,30,890
നിലവിലെ ബസ് സ്റ്റാൻഡ് കെട്ടിടത്തിന്റെ ഫസ്റ്റ് ഫ്ലോറിൽ RCC FRAMED STRUCTURE ൽ 41.8 M* 8.9 M ഡിജിറ്റൽ ലൈബ്രറി റീഡിംഗ് റൂം നിർമ്മിക്കുന്നതിന് പ്രൊജക്റ്റ് ലക്ഷ്യമിടുന്നു.
T S No: 72702/ 2021 - 22 Dt. 6.1.22
എസ്റ്റിമേറ്റ് തുക: 4010000
29.1.2022 ലെ 1 (2) നമ്പർ തീരുമാന പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ ഇ - ടെണ്ടർ അംഗീകരിച്ചു.
സൈറ്റ് ഇൻഫ്രാസ്ട്രക്ചേഴ്സ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്, പൂങ്കുന്നം എന്ന കമ്പനിയുടെ കുറവു ക്വാട്ട് ചെയ്ത ടെൻഡറാണ് അംഗീകരിച്ചത്. PAC: 2913638.32/-
എഗ്രിമെന്റ് നം:38/AE-ANM/LID&EW/21-22 DT.8.2.2022
മേൽ പ്രവൃത്തിയുടെ ഫസ്റ്റ് & പാർട്ട് ബിൽ നൽകിയപ്പോൾ ഇൻകം ടാക്സ് കുറവായാണ് ഈടാക്കിയിരിക്കുന്നത്. ഫയലിൽ സൂക്ഷിച്ചിട്ടുള്ള GST രേഖ പ്രകാരം "കൺസ്റ്റിറ്റ്യൂഷൻ ഓഫ് ബിസിനസ്സ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയാണ്. ഇൻകം ടാക്സ് ആക്റ്റ് വകുപ്പ് 194 C പ്രകാരം 2% ടാക്സ് ഈടാക്കേണ്ടിയിടത്ത് 1% മാത്രമാണ് ഈടാക്കിയത്. ഓഡിറ്റ് എൻക്വയറിക്ക് (നം.16/3.4.23) മറുപടി ലഭ്യമാക്കിയില്ല.
വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-32 അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രൊജക്റ്റുകൾ-അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം നൽകേണ്ടതാണ്.

1.പ്രൊജക്റ്റ് നം : 157/ 22
പ്ലാക്കത്തറക്കുളം സംരക്ഷണ പ്രവൃത്തികൾ
അടങ്കൽ തുക:1088807
ചെലവു തുക:485555
കോൺട്രാക്ടർ: ജിജിമോൻ N A
Agmt No:43/AE-ANM/LID&EW/21-22 Dt.4.3.22
MB No. 109/ 21 - 22, MB No. 117/ 21 - 22
മേൽ പ്രവൃത്തിയുടെ അളവുപുസ്തകം 109 പേജ് നം.4,5 ലെ രേഖപ്പെടുത്തൽ അനുസരിച്ച് (ഇനം2.8.1) 41.65 M3

മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. ആയതിന്റെ വിനിയോഗ വിവരം രേഖപ്പെടുത്തിയിട്ടില്ല.
എസ്റ്റിമേറ്റ് പ്രകാരം പൊളിച്ചെടുത്തതിന്റെ 70% വിനിയോഗിക്കണം.
2. പ്രൊജക്ട് നം : 160/ 22
കല്ല പാലം തോട് കെട്ടി സംരക്ഷണം
അടങ്കൽ തുക:600000
ചെലവു തുക:417515
കോൺട്രാക്ടർ: ജെയിംസ് ജോസഫ്
MB No. 76/ 21 - 22
Agmt No:36/AE-ANM/LID&EW/21-22 Dt.21.1.22
മേൽ പ്രവൃത്തിയുടെ അളവുപുസ്തകം 76 പേജ് 1, ഇനം.3 (60.7.8) പ്രകാരം 16.33 M3 റബിൾ ഡിസ് മാന്റിൽ ചെയ്തിട്ടുണ്ട്. ആയതിന്റെ സ്റ്റാക്ക് റിപ്പോർട്ട് രേഖപ്പെടുത്തിയിട്ടില്ല.
പേജ് 5 Dt. 5.2.22 പ്രകാരം ഇനം 5 ഡിപ്പാർട്ടുമെന്റൽ റബിൾ 9.56 M3 മാത്രമാണ് ഉപയോഗിച്ച കാണുന്നത്. ഏതാണ്ട് 59% മാത്രം. എസ്റ്റിമേറ്റ പ്രകാരം 25.025 M3 ൽ 17.511 M3 70% ഉപയോഗപ്പെടുത്താനാണ് ഉദ്ദേശിച്ചത്.
3.159/ 22
നങ്ങ്യാരുകുളം സംരക്ഷണ പ്രവൃത്തികൾ
അടങ്കൽ തുക:1000000
ചെലവു തുക:1000000
കോൺ ട്രാക്ടർ ജോർജ് TT
Agmt No:29/AE-ANM/LID&EW/21-22 Dt.21.1.22
MB No. 51/ 21 - 22
മേൽ പ്രവൃത്തിയുടെ അളവുപുസ്തകം 51 Pg No.4, പ്രകാരം (ഇനം2.8.1) 86.59m3 മണ്ണ് കുഴിച്ചെടുത്തിട്ടുണ്ടെങ്കിലും വിനിയോഗ വിവരം രേഖപ്പെടുത്തിയിട്ടില്ല.
4.പ്രൊജക്ട് നം.155/ 22
ക്ലബ്ബ് ആഞ്ഞിലിപ്പാടം റോഡ് പുനരുദ്ധാരണം
കോൺട്രാക്ടർ: ലിയോൺ M V
Agmt No:19/AE-ANM/LID&EW/21-22 Dt.4.1.22
MB No.73/ 21 -22, MB No.94/ 21 -22.
അളവുപുസ്തകം 73 പേജ് നം.36 പ്രകാരം (ഇനം2.8.1) കുഴിച്ചെടുത്ത 8.651 M3 മണ്ണിന്റെ വിനിയോഗവിവരം രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് (നം14/3.4.23) മറുപടി ലഭ്യമാക്കിയില്ല.
മേൽ അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം നൽകേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഓഡിറ്റ് വർഷം ലഭിച്ച സംയുക്ത പ്രൊജക്ടുകളിൽ തുക ചെലവഴിക്കാൻ ബാക്കി നിൽക്കുന്നവ ഇല്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം/തിയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ലൈഫ് ഹൗസിംഗ് ലോൺ | | | 5456000 | 572000 | 4884000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | | | |
|---|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 10000000 | |
| 2 | തൻവർഷം നിക്ഷേപിച്ച തുക | 0 | |
| 3 | ആകെ | 10000000 | |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | - | |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10000000 | |
| 6 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം | ബാങ്കിന്റെ പേര് | തുക |
| | | കേരളാ ബാങ്ക്, അന്നമനട ബ്രാഞ്ച് | 10000000 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയതുക | ഒടുക്കിയ ആളുടെപേരും ഉദ്യോഗപ്പേരും | രശീതി നം/തിയതി |
|---|---|---|---|---|
| 2006-07 | 3(4) | 2700 | പി.വി.വിജയൻ മുൻ ഹെഡ് ക്ലർക്ക് | 120060101078,9-7-20 |
| 2006-07 | 3(4) | 2700 | വി.എൻ വേലായുധൻ മുൻ യു ഡി സി | 121060106486/5-1-22 |
| 2006-07 | 3(4) | 2100 | മോഹനൻ ൻ യു ഡി സി | 121060106487/5-1-22 |
| 2006-07 | 2(2) | 300 | എച്ച് എം.എൽ എഫ് എൽ പി എസ് കമ്പിടി റിന്ദ എ. ഒ | 121060106628/10-1-22 |

| | | | | |
|---|---|---|---|---|
| 1998-99 | 2(3) | 1050 | മിൽ കൺട്രോൾസ് മേലഡൂർ | 121060106638/10-1-22 |
| 2006-07 | 3(4) | 2700 | വർഗീസ് മുൻ യുഡി സി | 121000500067/17.01.22 |
| 2002-03 | 2(1) | 450 | എച്ച് എം എസ് എൻ ഡി പി എച്ച് എസ് പാലിശ്ശേരി സീനാ രാജ് ഷീന വി.വി. മിനി | 121060109485/16.3.22 |
| 1999-2000 | 2(4) | 1050 | കെ.എസ്.ബി മിൽ കൺട്രോൾസ് | 1210605000134/22.3.22 |
| | | 13050 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ (ലഭ്യമാക്കിയ മറുപടി) |
|---|---|---|---|---|---|---|
| 1 | 1998-99 | 37 | 2000-01 | 37 | ചിറയംചാൽ മത്സ്യ കൃഷി | പ്രളയത്തിൽ രേഖകൾ നഷ്ടപ്പെട്ടു. |
| 2 | 1999-2000 | 3-4 | 2000-01 | 3-4 | കൃഷി ഭവൻ ഫണ്ട് രേഖ ഹാജരാക്കിയിട്ടില്ല. | പ്രളയത്തിൽ രേഖകൾ നഷ്ടപ്പെട്ടു. |
| 3. | 2000-01 | 3-1 | 2000-01 | 3-1 | മണൽ ചെലവ് രേഖ ഹാജരാക്കിയിട്ടില്ല. | പ്രളയത്തിൽ രേഖകൾ നഷ്ടപ്പെട്ടു. |
| 4. | 2012-13 | 3-25 | 2012-13 | 3-25 | ഗ്രാമസഭകളുടെ പ്രവർത്തനം | നിലവിൽ പരിഹരിക്കപ്പെട്ടിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 5. | 2014-15 | 2-5 | 2014-15 | 2-5 | മൊബൈൽ ടവർ വസ്തുനികുതി | അടവാക്കി |
| 6. | 2015-16 | 2(3) | 2015-16 | 2(3) | തൊഴിൽ നികുതി | അടവാക്കി |

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം ഉൾപ്പെട്ട രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 105599597.20 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 98489902.00 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദിയായവരുടെ പേരും സ്ഥിരം മേൽവിലാസവും

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ക്രമ നം | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/CASE/ CH/SCH) |
|---|---|---|---|---|---|
| 1 | 1997-98 വരവ് | LFT 13/554/05 Dtd.12.09.05/ 19.11.05 | 1 | 2-5 | ഭരണവകുപ്പ് |
| 2 | 1997-98 ചെലവ് | LFT 13/1109/99 Dtd.28.02.2000/ 08.06.2000 | 5 | 16,17,19<br>30<br>37 | (ഭരണവകുപ്പ്)<br>(രേഖകൾ ഇല്ല)<br>(ഭരണവകുപ്പ്) |
| 3 | 1998-99 ചെലവ് | LFT 13/948/2000 Dtd.03.11.2000/ 11.12.2000 | 3 | 18,19<br>37 | (ഭരണവകുപ്പ്)<br>(സമാഹൃതം 2000-01) |
| 4 | 1999-2000 | LFT 13/652/06 Dtd.03.07.06/ 30.12.06 | 2 | 3-4<br>3-5 | (സമാഹൃതം) |
| 5 | 1999-2000 2001-02 പ്ലാൻ | LFT 13/1083/03 Dtd.15.04.03/ 28.02.04 | 3 | 15,16,22 | 3 ഖണ്ഡികകളും സർച്ചാർജ്ജ് |
| 6 | 2000-01 | LFT 13/657/06 Dtd.26.10.06/ 28.02.07 | 2 | 3-1<br>3-4 | സമാഹൃതം (3.1)(4) |
| 7 | 2001-02 | LFT 13/03/07 | 3 | 3-1, 3-8, 3-9 | |

| | | | | | |
|---|---|---|---|---|---|
| | | Dtd.07.04.07/ 10.08.07 | | | |
| 8 | 2003-04 | LFT 13/1022/08 Dtd.22.08.09/ 17.09.09 | 2 | 3-2, 3-4 | |
| 9 | 2004-05 | LFT 13/426/09 Dtd.07.05.10/ 04.08.10 | 5 | 2-2, 3-4, 3-5, 3-7, 3-16 | |
| 10 | 2005-06 | LFT 13/1610/09 Dtd.23.07.10/ 03.01.11 | 1 | 3-6 | |
| 11 | 2006-07 | LFT 13/1611/09 Dtd.23.07.10/ 03.01.11 | 5 | 2-2(b), 3-1, 3-2 3-4(1), 3-7 | |
| 12 | 2007-08 | LFT 13/994/10 Dtd.10.02.11/ 07.09.11 | 8 | 2-1, 3-3, 3-5, 3-8, 3-9, 3-11, 3-12, 3-15 | |
| 13 | 2008-09 | LFT 13/995/10 Dtd.18.02.11/ 07.09.11 | 3 | 3-5, 3-6, 3-11 | |
| 14 | 2009-10 | LFT (P4)94/12 Dtd.27.04.12/ 10.08.12 | 5 | 3-12, 3-13, 3-14, 3-16, 3-17 | |
| 15 | 2010-11 | LFT (P4)97/12 Dtd.21.05.12/ 10.08.12 | 5 | 2-1, 3-7, 3-12, 3-13, 3-15 | |
| 16 | 2011-12 | LFT 12/P4/375/13 Dtd.16.05.13/ 01.11.13 | 8 | 2-1, 2-2, 2-3(1), 2-4(2),2-5,2-6(1)(2), 2-7, 3-12 | |
| 17 | 2012-13 | LFT P4/453/14 Dtd.12.08.14/ 04.12.14 | 9 | 2-6, 3-4, 3-8(1,2 ഒഴികെ), 3-11, 3-18, 3-19, 3-20, 3-22(3), 3-25(സമാഹൃതം) | |
| 18 | 2013-14 | KSATSR (P4) 1183/15 Dtd.08.10.15/ 16.10.15 | 2 | 3-3, 3-5 | |
| 19 | 2014-15 | KSATSR (P4)/1049/16 Dtd.04.07.16 | 14 | 2-5(സമാഹൃതം), 2-6, 2-7(a), 2-9, 2-10, 2-11, 2-13, 3-2, | |

| | | | | | |
|---|---|---|---|---|---|
| | | | | 3-4, 3-8, 3-9, 3-10, 3-20, 3-22 | |
| 20 | 2015-16 | KSATSR (P4)/2106/16 Dtd.30.01.17/ 02.02.17 | 3 | 2-3 (സമാഹൃതം), 3-6, 3-8 | |
| 21 | 2016-17 | KSATSR (P4)/1065/17 Dtd.04.11.18 | 17 | 2-2(1)(3), 2-4, 2-5, 3-1, 3-2, 3-10, 3-11, 3-12, 3-13, 3-14, 3-17, 3-18, 3-21(1),(4)(7), 3-22, 3-25, 3-27, 3-28 | |
| 22 | 2017-18 | KSATSR (P4)/354/19 Dtd.30.05.19 | 11 | 1-10, 1-12(വാർഷിക കണക്ക് വിശേഷണങ്ങൾ), 3-5, 3-8, 3-9, 3-10, 3-11, 3-12, 3-15, 3-16, 3-20 | |
| 23 | 2018-19 | KSATSR (P4)-115/2020 Dtd-05/05/2020 | 28 | 1-11,1-12,1-13, 1-14,1-15, 1-17, 1-18,1-19,1-20, 1-21,1-22,1-23, 1-24,1-25, 1-26,1-27,1-28, 1-29,1-30, 1-31,1-32,1-33, 1-34,1-35,1-36, 1-37,1-38,1-39 | |
| 24 | 2019-20 | KSATSR (P4)-520/2022 Dtd-30.03.2021 | 35 | 1-11,1-12,1-13, 1-14, 1-14(1,2), 1-15, 1-16, 1-17, 1-18,1-19,1-20, 1-21,1-22,1-23, 1-24,1-25, 1-26,1-27,1-28, 1-29,1-30, 1-31,1-32,1-33, 1-34,1-35,1-36, 1-37,1-38,1-39, 1-40,1-41,1-42, 1-43,1-44 | |
| 25 | 2020-21 | KSATSR (P4)-980/2022 Dtd-03.07.2022 | 39 | 1-11,1-12,1-13, 1-14, 1-15, 1-16, 1-17, 1-18,1-19,1-20, | |

| | | | | | |
|---|---|---|---|---|---|
| | | | | 1-21,1-22,1-23,<br>1-24,1-25,<br>1-26,1-27,1-28,<br>1-29,1-30,<br>1-31,1-32,1-33,<br>1-34,1-35,1-36,<br>1-37,1-38,1-39,<br>1-40,1-41,1-42,<br>1-43,1-44, 1-45,<br>1-46, 1-47, 1-48,<br>1-49 | |
| | ആകെ | | | | |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ അന്നമനട ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ അന്നമനട ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്